പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3193 **29-10-2026-ൽ മറുപടിയ്ക്ക്**

ഫോർട്ട് കൊച്ചി പൈതൃക സംരക്ഷണത്തിനായുള്ള ഔദ്യോഗിക ഡാറ്റാബേസും സമഗ്ര സംരക്ഷണ പദ്ധതികളും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

(എ) ഫോർട്ട് കൊച്ചിയിലെ പൈതൃക സംരക്ഷണത്തിനായി സ്പെഷ്യൽ ടൂറിസം സോൺ, ഹെറിറ്റേജ് പ്രീസിൻക്ട്സ്, ഗ്രേഡിംഗ് എന്നിവ നിശ്ചയിച്ച് ടൂറിസം വകുപ്പ് മുൻപ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നിരിക്കെ നിലവിൽ ഈ കെട്ടിടങ്ങളുടെയും ചരിത്രസ്മാരകങ്ങളുടെയും ഉടമസ്ഥാവകാശം, ഉപയോഗം, ഘടനാപരമായ ബലം, തനിമ, അടിയന്തര സംരക്ഷണ ആവശ്യങ്ങൾ എന്നിവ വ്യക്തമാക്കുന്ന സമഗ്രവും കാലാനുസൃതമായി പുതുക്കിയതുമായ ഒരു ഔദ്യോഗിക ഡാറ്റാബേസ് ടൂറിസം വകുപ്പിന്റെ പക്കൽ ലഭ്യമാണോ; ഇല്ലെങ്കിൽ അത്തരം ഒരു ഡാറ്റാബേസ് തയ്യാറാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ;

മറുപടി: വിവരം ശേഖരിച്ചു വരുന്നു

(ബി) നിലവിലുള്ള വിവരങ്ങളുടെ പരിമിതി പരിഹരിക്കുന്നതിനായി, കെട്ടിടങ്ങളെ അവയുടെ സംരക്ഷണാവസ്ഥയ്ക്കനുസരിച്ച് അഞ്ചു വിഭാഗങ്ങളായി (കാറ്റഗറി എ-ഗ്രഡ് കണ്ടീഷൻ, ബി-മൈനർ റീപ്പേഴ്സ്, സി-മേജർ റെസ്റ്റോറേഷൻ, ഡി-ഡെയ്ഞ്ചറസ് കണ്ടീഷൻ, ഇ-ഡാമേജ്ഡ് / ലോസ്റ്റ് / ഇൻഅപ്രോപ്രിയേറ്റിലി അൾട്ടേർഡ്)തരംതിരിച്ചുകൊണ്ട് ഫോർട്ട് കൊച്ചി ഹെറിറ്റേജ് ബിൽഡിംഗ് സെൻസസ് നടത്താനും, ജിയോ-ടാഗിംഗ് ഉൾപ്പെടുത്തിയുള്ള ഒരു പബ്ലിക് ഡിജിറ്റൽ ഹെറിറ്റേജ് രജിസ്റ്റർ ആവിഷ്കരിക്കാനും സർക്കാർ തയ്യാറാകുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) വിനോദസഞ്ചാരികൾക്കായി ഓരോ പൈതൃക സ്മാരകത്തിനും സമീപം അവയുടെ ചരിത്രവും വാസ്തുവിദ്യാ സവിശേഷതകളും ലഭ്യമാകുന്ന ക്യൂ.ആർ. കോഡ് അധിഷ്ഠിത വിവരസംവിധാനവും ഡിജിറ്റൽ ഗൈഡുകളും വിവരഫലകങ്ങളും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) കോടർ ഹൗസ് തീപിടുത്തം പോലുള്ള ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ, അപകടാവസ്ഥയിലുള്ള പൈതൃക നിർമ്മിതികളുടെ നിലനിൽപ്പിനായി ഒരു ഹെറിട്ടേജ് എമർജൻസി റെസ്പോൺസ് സിസ്റ്റം ഏർപ്പെടുത്തുന്നതിനും, എം.പി/എം.എൽ.എ. മാർ, ടൂറിസം, പുരാവസ്തു, കോർപ്പറേഷൻ, ഫയർഫോഴ്സ്

എന്നീ വകുപ്പുകളെയും വിദഗ്ധരെയും ഉൾപ്പെടുത്തി ഒരു ഹെറിട്ടേജ് കൺസർവേഷൻ ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഇ) പൈതൃക കെട്ടിടങ്ങൾ സംരക്ഷിക്കുന്ന സ്വകാര്യ ഉടമകൾക്ക് പുനരുദ്ധാരണ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ്, നികുതിയിളവുകൾ എന്നിവ നൽകാനും വിവിധ വകുപ്പുകളുടെ അനുമതികൾക്കായി ഒരു ഏകജാലക സംവിധാനം (ഹെറിട്ടേജ് സിംഗിൾ വിൻഡോ സെൽ) നടപ്പിലാക്കാനും നടപടി സ്വീകരിക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(എഫ്) ഫോർട്ട് കൊച്ചിയിലെ ലിവിംഗ് ഹെറിറ്റേജ് സാധ്യതകളും ഗൃഹസ്ഥലി പദ്ധതിയും വിപുലീകരിക്കുന്നതിനും, സി.എസ്.ആർ./ടൂറിസം വരുമാനം സമന്വയിപ്പിച്ച് ഒരു ഫോർട്ട് കൊച്ചി ഹെറിറ്റേജ് കൺസർവേഷൻ ഫണ്ട് രൂപീകരിച്ച് പൈതൃക സംരക്ഷണ കർമ്മപദ്ധതി 2026–2030 സമയബന്ധിതമായി നടപ്പിലാക്കുന്നതിനും തയ്യാറാകുമോ; വിശദമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ